അന്തരിച്ച ഈ മഹത്വ്യക്തികളോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).

III ആദരാഞ്ജലി

തീവണ്ടി ദുരന്തത്തിൽ മൃതിയടഞ്ഞവർക്ക്

മി. സ്പീക്കർ : ഇക്കഴിഞ്ഞ ഫെബ്രുവരി 28-ാം തീയതി വെളുപ്പിന് തലശ്ശേരിയിൽ ഉണ്ടായ തീവണ്ടി ദുരന്തത്തെ തുടർന്നു ഇരുപത്തിയേഴുപേർ മരിക്കുകയും ഒട്ടനവധി പേർക്ക് പരിക്കുപറ്റുകയും ചെയ്തു. അടുത്ത കാലത്ത് കേരളം കണ്ട അതിഭീരുണമായ ഈ അത്യാഹിതം ഉളവാക്കിയ ആഘാതത്തിൽനിന്ന് നാം ഇനിയും വിമുക്തമായിട്ടില്ല. മൃതിയടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുള്ള ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം, ഈ സംഭവത്തിൽ ഈ സഭയുടെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്നു മൗനം ആചരിച്ചു.)

IV അടിയന്തിരപ്രമേയം

നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഗവൺമെന്റിന്റെ നടപടി

മി. സ്പീക്കർ : ഓർഡർ, ഓർഡർ, അടിയന്തിരപ്രമേയം.

രേണഘടനയുടെ വിശാലമായ താൽപ്പര്യങ്ങളേയും ആരോഗ്യകരമായ എല്ലാ കീഴ്വഴക്കങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട്, സഭയുടെയും അംഗങ്ങളുടെയും ന്യായമായ അവസരങ്ങൾ നിഷേധിക്കുകയും അംഗങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗവൺമെന്റിന്റെ നിലപാടിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബേബിജോൺ, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. കാനം രാജേന്ദ്രൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എ. വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, രേണഘടന അനുശാസിക്കുന്ന വ്യവസ്ഥകളെയോ കീഴ്വഴക്കങ്ങളെയോ ഒരിക്കലും ലംഘിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിച്ചിട്ടില്ല, ആഗ്രഹിക്കുകയുമില്ല. ഈ സഭ വിളിച്ചുകൂട്ടിയത് ഭരണഘടനയുടെ ഏതെങ്കിലും തരത്തിലുള്ള ലംഘനമായി ഗവൺമെന്റ് കാണുന്നില്ല, അങ്ങനെ അല്ലെന്നുള്ളതാണ് സത്യം. ഈ നിയമസഭ വിളിച്ചുകൂട്ടാൻ ഇത്ര ദിവസം വേണമെന്ന് ഒരു സ്ഥലത്തും പ്രതിപാദിക്കുന്നില്ല. നേരെമറിച്ച് അംഗങ്ങൾക്ക് ചോദ്യം കൊടുക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി നിയമസഭാ ചട്ടത്തിൽ 12 ദിവസം ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ ചട്ടങ്ങളിലാകട്ടെ, രേണഘടനയിലാകട്ടെ, നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly